പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1580 — 21.1.2014-ൽ മറുപടിക്ക്

## ഖര/ദ്രവമാലിന്യ പ്രശ്നത്തിന് ഇൻസിനറേറ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) കേരളത്തിന്റെ ഖര/ദ്രവ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ ഖര/ദ്രവ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം ഈ സർക്കാർ പ്രവർത്തനത്തിന്റെ ആരംഭത്തിലെ 100 ദിവസത്തെ കർമ്മ പരിപാടിയുടെ ഭാഗമായി 96 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാങ്കേതിക അനുമതിയും 2012-13 സാമ്പത്തിക വർഷം 565 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക അനുമതിയും, 2013-14 സാമ്പത്തിക വർഷം നാളിതുവരെയായി ഏകദേശം 106 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക അനുമതിയും ഇവയുടെ നിർവ്വഹണത്തിലേക്കായി സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

നഗരസഭകളിൽ മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ ആധുനികവൽക്കരണത്തിലേക്കായി 26 നഗരസഭകളുടെ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും 65 നഗരസഭകളിൽ ഉറവിട മാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിലേക്കായി പദ്ധതികൾക്ക് അംഗീകാരവും അവയുടെ നടത്തിപ്പിലേക്കായി സാമ്പത്തിക സഹായവും കൈമാറിയിട്ടുണ്ട്.

മാലിന്യ സംസ്ക്കരണ മേഖലയിൽ സാങ്കേതിക സഹായവും പദ്ധതികളുടെ നിർവ്വഹണത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നാളിതുവരെയായി 125 സേവന ദാതാക്കളെയും 3 അക്രഡിറ്റഡ് ഏജൻസികളെയും തെരഞ്ഞെടുത്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ജലാശയങ്ങളെ മലിനപ്പെടുത്തുന്ന കക്കൂസുകളിലെ മാലിന്യം സംസ്ക്കരിക്കുന്നതിലേക്ക് എല്ലാ ജില്ലകളിലും സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങളിലും, യാത്ര കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിന് അനുയോജ്യാമയ ശുപാർശകൾ ലഭിച്ച നഗരപ്രദേശങ്ങൾക്ക് അംഗീ

കാരം നൽകിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞം (നിർമ്മൽ ഭാരത് അഭിയാൻ) പരിപാടിയിൽ ശുചിത്വ സമുച്ചയങ്ങൾ, സ്ക്കൂൾ ടോയ്‌ലറ്റുകൾ, അംഗനവാടി ടോയ്‌ലറ്റുകൾ, ഗ്രാമീണ ശുചിത്വ ശാലകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുന്നതിന് അനുയോജ്യമായി ഏജൻസികളെ ചുമതലപ്പെടുത്താൻ കഴിഞ്ഞു.

ബി) എത്ര ഇൻസിനറേറ്ററുകൾ വാങ്ങിയിട്ടുണ്ട്; ആയതിന് ചെലവായ തുക എത്ര; ഏതു ശീർഷകത്തിൽ നിന്നാണ് ഇതിനായി തുക കണ്ടെത്തിയത് ;

ബി) ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയിട്ടുണ്ട്. ഇതിലേക്കായി ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിലെ 2217-80-191-40, 2217-03-192-48 എന്നി ശീർഷകങ്ങളിൽ നിന്നും യഥാക്രമം 182 ലക്ഷം രൂപയും 32.239 ലക്ഷം രൂപയും സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്.

സി) ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത മെഷീനുകൾ വാങ്ങിയത്; ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണോ ഇവ വാങ്ങിയത്; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

സി) സംസ്ഥാനത്തെ ഒരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോ മുഖേന അഹമ്മദാബാദിലെ ചിന്തൻ സെയിൽസ് & ട്രേഡിംഗ് എന്ന സ്ഥാപനത്തിൽ നിന്നാണ് മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയത്.

ഡി) ഇപ്രകാരം വാങ്ങിയ മെഷീനുകൾ പ്രവർത്തനക്ഷമമാണോ; എങ്കിൽ ഏതെല്ലാം നഗരകാര്യാലയങ്ങളുടെ കീഴിലാണ് ഇവ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഡി) മൊബൈൽ ഇൻസിനറേറ്റർ ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും സാങ്കേതിക സമിതി റിപ്പോർട്ട് ചെയ്തിട്ടു. സർക്കാർ നൽകിയിട്ടുളള നിബന്ധനകൾ പാലിച്ചുകൊണ്ട് ടി മെഷിൻ പ്രവർത്തിപ്പിക്കാൻ മുന്നോട്ടു വന്നിട്ടുളള കോട്ടക്കൽ നഗരസഭ അതിർത്തിയിലാണ് ഇപ്പോൾ മൊബൈൽ ഇൻസിനറേറ്റർ ഉളളത്. അവിടത്തെ പ്രവർത്തനം കഴിഞ്ഞ ശേഷം മറ്റ് നഗരസഭകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് മൊബൈൽ ഇൻസിനറേറ്റർ അനുവദിച്ചു നൽകാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ